(സി) ഒന്നരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപവരെയുള്ള കടബാദ്ധ്യത സർക്കാർ ഏറ്റെടുത്തും 10-12-2013-ലെ സ.ഉ. (അച്ചടി) 99/13/പജ.പവ.വിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടിരൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണ്.

(ഡി) നിലവിൽ എസ്. സി./എസ്. ടി. വിഭാഗക്കാരുടെ വായ്പാകുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല.

കൺസ്യൂമർഫെഡ് അഴിമതി

175 (542) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്ത് നിന്ന് ശ്രീ. ജോയ് തോമസിനെ നീക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ആരിൽ നിന്നെല്ലാം കത്തുകൾ ലഭിച്ചിട്ടുണ്ടായിരുന്നു ; വിശദമാക്കുമോ ;

(ബി) സർക്കാരിന് ലഭിച്ച കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പരാതികളുടെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, ഭരണസമിതിക്കെതിരെ സഹകരണ നിയമാനുസൃതം സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ; ഇക്കാര്യത്തിലെ നിയമവ്യവസ്ഥകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്തുനിന്ന് ശ്രീ. ജോയ് തോമസിനെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കൃഷ്ണൻകുട്ടി, ശ്രീ. ബെന്നി പെരുവന്താനം എന്നിവരിൽനിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1) (ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25-9-2015-ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വിജിലൻസ് അന്വേഷണം

176 (543) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായോ ; രേഖകൾ ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണെന്ന് വെളിപ്പെടുത്തുമോ ; വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നല്കുകയുണ്ടായോ ; എങ്കിൽ ഏത് ദിവസം ; ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ;

(സി) ക്രമവിരുദ്ധമായ നടപടികൾ, നവീകരണം, അറ്റകുറ്റപ്പണി, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവയുടെ ഭാഗമായി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട അഴിമതികൾ ഏതൊക്കെ ;വിശദമാക്കാമോ ;

(ഡി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത് ഏപ്പോഴാണ് ?